DESPATCHED On..25/5/2020

9.3.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561609/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.2454(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.15465/SIC-Gen5/2016

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സ്റ്റീഫൻ തേദോർ,
തുറക്കൽ ഹൗസ്,
കോണോട്ട് പി.ഒ.,
കുന്ദമംഗലം വഴി,
കോഴിക്കോട് - 673571.

} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മലബാർ ഡയോസിസൻ സ്കൂൾ,
   കോർപ്പറേറ്റ് മാനേജർ,
   കോഴിക്കോട് - 673 001.

2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ആഫീസർ,
   ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/09/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/11/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25/10/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11/11/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08/12/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 13/12/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/01/2017, 24/2/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | - |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02/03/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സ്റ്റീഫൻ തേദോർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് പകരം നിഷേധാത്മക രീതിയിലുള്ള മറുപടിയാണ് മാനേജർ നൽകിയത് എന്നും അപ്പീൽ അധികാരി ആവശ്യപ്പെട്ടിട്ടും മറുപടി നൽകിയില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 26.4.2010–ന് റഫറൻസ് നം.സി.എം./ഡി.എസ്./10–11/പി.എച്ച്.3 എന്ന നോട്ടീസ് പ്രകാരം എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റന്റുമാരുടെയും ഒരു യോഗം സ്കൂൾ മാനേജർ വിളിച്ചു ചേർക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലാബ് അസിസ്റ്റന്റുമാരുടെ സീനിയോറിട്ടി ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും

ii. ഇപ്പോൾ നിലവിലുള്ള മുഴുവൻ ഹയർ സെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റന്റുമാരുടെ സീനിയോറിട്ടി ലിസ്റ്റ് ഹയർ സെക്കണ്ടറി ഡയറക്ടർ അംഗീകരിച്ചു നൽകിയതിന്റെ പകർപ്പ് നൽകണമെന്നും ഇല്ലെങ്കിൽ കാരണം വ്യക്തമാക്കണമെന്നും

iii. ലാബ് അസിസ്റ്റന്റ് സൂപ്പർന്യൂമറി തസ്തികയിൽ ഉണ്ടായിരുന്നവർക്ക് പ്രൊമോഷൻ നൽകിയ മുഴുവൻ ആളുകളുടെയും ലിസ്റ്റ് (പേര്, ജനന തീയതി, ചേർന്ന വർഷം, പ്രൊമോഷൻ നൽകിയ തീയതി, പ്രൊമോഷൻ ഉത്തരവിന്റെ പകർപ്പ്) എന്നിവ നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി 30 ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, സർക്കാർ സഹായം കൈപ്പറ്റുന്ന ഏജൻസി എന്ന നിലയിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷയിൽ മറുപടി നൽകാൻ ഒന്നാം എതിർകക്ഷി ബാധ്യസ്ഥനാണെന്നും ആയതിനാൽ രണ്ടാഴ്ചയ്ക്കുള്ളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതാണെന്നുമാണ്. ഒന്നാം എതിർകക്ഷി 24.11.2016 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഒരു സംഘടനയ്ക്കോ സംഘടനയ്ക്കുവേണ്ടി മറ്റൊരു വ്യക്തിക്കോ മറുപടി നൽകേണ്ടതില്ല എന്നും ഹർജിക്കാരന്റെ യഥാർത്ഥ മേൽവിലാസം തെളിയിക്കുന്ന രേഖകൾ സഹിതം 7.12.2016 തീയതി ഓഫീസിൽ ഹാജരായാൽ അർഹമായ വിവരം നൽകുന്നതാണെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, കോർപ്പറേറ്റ് മാനേജർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത സ്ഥാപനമാണെന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരമുള്ള മറുപടികൾ നൽകാൻ നിർവ്വാഹമില്ല എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയിട്ടുള്ളത് മലബാർ ഡയോസിസ് സ്കൂൾ കോർപ്പറേറ്റ് മാനേജർ മുമ്പാകെയാണെന്ന് കാണുന്നു. മേൽപ്പടി സ്ഥാപനം സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതോ സർക്കാരിൽ നിന്നും നേരിട്ട് ഗണ്യമായ എന്തെങ്കിലും സാമ്പത്തിക സഹായം കൈപ്പറ്റുന്ന സ്ഥാപനമോ

RIGHT TO INFORMATION

അല്ല എന്നു കാണുന്നു. ആയതിനാൽ മേൽപ്പടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതു അധികാരിയാണെന്ന് കാണുന്നില്ല. ആയത് സ്ഥാപിക്കുന്ന രേഖകൾ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല. എന്നാൽ എയ്ഡഡ് സ്കൂളുകൾ പൊതു അധികാര സ്ഥാനങ്ങളാണെന്നും ആയത് സംബന്ധിച്ച വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം മറുപടി നൽകേണ്ടത് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ ആണെന്നും കമ്മീഷൻ വിലയിരുത്തുന്നു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

us